# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## GUPS PYNKULAM.

GOVT. U.P. SCHOOL
Date 15/06/25
PYNKULAM

Balakrishnan
P.K.BALAKRISHNAN
PEN 603884
Headmaster
G.U.P.S.Pynkulam

1. ആമുഖം
2. ചരിത്രം
3. ലക്ഷ്യങ്ങൾ
4. സ്കൂൾ വിവരങ്ങൾ
5. അധ്യാപകരും വിവരങ്ങളും
6. അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ...
7. ഇനിയും മെച്ചപ്പെടേണ്ട ഭൗതിക സാഹചര്യങ്ങൾ

## ആമുഖം

പൊതുവിദ്യാഭ്യാസം ഒരു ജനതയുടെ മുന്നിലുള്ള ആശ, അഭിലാഷം, ലക്ഷ്യം എന്നിവയുടെ സാക്ഷാത്കാരമാണ് ലക്ഷ്യമിടുന്നത്. സമൂഹത്തിന്റെ പുരോഗതിക്ക് എന്തെങ്കിലും ഒരു കഴിവിന്റെ വികാസം മാത്രം ഉണ്ടായാൽ പോര. നല്ല കർഷകർ, നല്ല കൽപ്പണിക്കാരൻ, നല്ല നെയ്ത്തുകാരൻ തുടങ്ങിയ വൈവിധ്യങ്ങൾ ഉണ്ടായാൽ മാത്രമേ സമൂഹം പൂർണ്ണതയിലെത്തുകയുള്ളൂ. വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്താൻ ഓരോ വിദ്യാലയവും ഓരോ ടാലന്റ് ലാബുകൾ ആകേണ്ടിയിരിക്കുന്നു.

മാറ്റം കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്ന, മാറിക്കൊണ്ടിരിക്കുന്ന കാലത്തിനൊപ്പം ഓടിയെത്തുക എന്നത് പ്രയാസമാണ്. പരമ്പരാഗത രീതികളിൽ നിന്നു മാറി ജനപങ്കാളിത്തത്തോടെയുള്ള മുന്നേറ്റം എല്ലാ മേഖലകളിലും ദൃശ്യമാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് നമ്മുടെ കുട്ടികളെയും സജ്ജരാക്കേണ്ടതുണ്ട്. വിദ്യാലയങ്ങളും അധ്യാപകരും വിദ്യാർത്ഥികളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നേ തീരൂ. അക്കാദമികമായി തീവ്രമായ ഒരു മുന്നേറ്റം അനിവാര്യമാണ്. പൈങ്ങുളം ഗ്രാമത്തെ വെളിച്ചത്തിലേക്കു നയിച്ച വിദ്യാലയമാണ് പൈങ്ങുളം ജി.യു.പി. സ്കൂൾ. 102-ാം വർഷത്തിലേക്ക് കാലെടുത്തുവയ്ക്കുന്ന ഈ വിദ്യാലയം മാറ്റം ഉൾക്കൊണ്ട് കുതിക്കാൻ ഒരുങ്ങുകയാണ്. അതിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

# ചരിത്രം

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്കിലാണ് പാഞ്ഞാൾ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ പൈങ്കുളം അതിർത്തിയിലാണ് പൈങ്കുളം ഗവ. എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. ചെറിയ കുന്നുകളും വയലുകളും നിറഞ്ഞ ഈ ഗ്രാമത്തിന്റെ വടക്കേ അതിർത്തിയിലൂടെ ഭാരതപ്പുഴ ഒഴുകുന്നു.

ഇവിടത്തെ ജനങ്ങളിൽ അധികവും കർഷകരും കർഷകത്തൊഴിലാളികളുമാണ്. ഭൂരിപക്ഷം ജനങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. അതുകൊണ്ടുതന്നെ സാധാരണക്കാരന്റെ വിദ്യാലയമാണ് ഇത്. ചാക്യാർകൂത്തിന് പേരുകേട്ടതാണ് ഈ ഗ്രാമം. പൈങ്കുളം വലിയ രാമചാക്യാർ ഈ ഗ്രാമത്തിന്റെ അഭിമാനമാണ്.

കൊച്ചി സർക്കാരിന്റെ കീഴിൽ ആരംഭിച്ച ഈ സ്കൂൾ ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തനമാരംഭിച്ചത്. 12 വർഷം നിലനിന്ന ഈ സർക്കാർ വിദ്യാലയം കുട്ടികളുടെ കുറവുകൊണ്ടും വ്യക്തമല്ലാത്ത മറ്റ് അനേകം കാരണങ്ങൾ കൊണ്ടും 1922-ൽ ഇല്ലാതായി. രണ്ടുവർഷത്തിനുശേഷം 1924-ൽ കൊല്ലവർഷം 1099-ൽ മേനോനാണ്ട കുഞ്ഞികൃഷ്ണമേനോന്റെ മാനേജ്മെന്റിൽ ഇതേസ്ഥലത്ത് തന്നെ വിദ്യാലയം ആരംഭിച്ചു. പഴയ മലയാളം സ്കൂൾ പൈങ്കുളം.

ഒന്ന് രണ്ട് ക്ലാസുകൾ മാത്രമായി തുടങ്ങിയ ഇവിടെ കെ. മാധവമേനോൻ, വി. പത്മനാഭമേനോൻ എന്നിവരായിരുന്നു ആദ്യ അദ്ധ്യാപകർ.

സമൂഹത്തിലെ അധ:സ്ഥിത വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്ന കാലമായിരുന്നു അത്. അവരെ മറ്റു കുട്ടികളോടൊപ്പം ഇരുത്തി പഠിപ്പിക്കുന്നതിന് വിലക്കുകൾ ഉണ്ടായിരുന്നു. മാത്രമല്ല പകൽ കൂലിപ്പണി ചെയ്യുന്നതിനും കന്നുകളെ മേയ്ക്കുന്നതിനും നിയോഗിക്കപ്പെട്ട ഇവർക്ക് സ്കൂളിൽ വരാൻ കഴിഞ്ഞിരുന്നില്ല. അവരെ ഉദ്ദേശിച്ചുകൊണ്ട് 1925-ൽ ഒരു നിശാപാഠശാല തുടങ്ങി. ഇതേ വിദ്യാലയത്തിന്റെ ഭാഗമായാണ് നിശാപാഠശാല പ്രവർത്തിച്ചിരുന്നത്.

1960 ൽ യു.പി സ്കൂൾ ആയി ഉയർന്ന 1980 കളിൽ വടക്കാഞ്ചേരി ഉപജില്ലയിലെ ഏറ്റവും വലിയ യു.പി സ്കൂളുകളിൽ ഒന്നായി ഇത് മാറി.

## ലക്ഷ്യങ്ങൾ

* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
* ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പുവരുത്തുക.
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക-സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
* ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
* ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും സാങ്കേതിക തയ്യാറെടുപ്പുകളും ഉണ്ടാക്കുക.
* മുഴുവൻ ക്ലാസുകളിലും ഐ.സി.ടി സാധ്യത ഉറപ്പുവരുത്തുക.
* പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
* പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ അന്തരീക്ഷം മാറ്റിയെടുക്കുക.
* മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.

* ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* പ്രകൃതിസൗഹൃദരീതിയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
* ലഹരി വസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ചും ദൂഷ്യഫലങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുക.
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
* ഔഷധ ഉദ്യാനം, ജൈവവൈവിധ്യ ഉദ്യാനം എന്നിവ കൂടുതൽ മെച്ചപ്പെടുത്തുക സംരക്ഷിക്കുക.
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
* കുട്ടികൾക്കായി കൗൺസലിംഗ് സൗകര്യങ്ങൾ ഒരുക്കുക
* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ന്യൂ രീതിയിൽ നടത്തുക.
* മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ നടപ്പിലാക്കുക.
* ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക
* കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുക.
* ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.
* കുട്ടികൾക്ക് പൊതു സമൂഹവുമായി ഇടപെടുന്നതിനുവേണ്ട അവസരങ്ങൾ സൃഷ്ടിക്കുക.

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | തൃശൂർ |
| സ്കൂൾ കോഡ് | : | 24663 |
| സ്കൂളിന്റെ പേര് | : | ജി.യു.പി.എസ് പൈങ്കുളം |
| മേൽവിലാസം | : | പൈങ്കുളം (P.O)<br>തൃശൂർ ജില്ല |
| പിൻ കോഡ് | : | 679531 |
| ഫോൺ നമ്പർ | : | 04884 271900 |
| ഇ മെയിൽ അഡ്രസ്സ് | : | gupspynkulam@gmail.com |
| ഗ്രാമ പഞ്ചായത്ത് | : | പാഞ്ഞാൾ |
| വിദ്യാഭ്യാസ ജില്ല | : | ചാവക്കാട് |
| സബ് ജില്ല | : | വടക്കാഞ്ചേരി |
| ക്ലാസ്സുകൾ | : | Pre KG മുതൽ 7 വരെ |
| മാനേജ്മെന്റ് | : | ഗവൺമെന്റ് |
| പഠന മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

# അധ്യാപകരും വിവരങ്ങളും
## 2025 - 26

ഹെഡ്മാസ്റ്റർ : പി കെ. ബാലകൃഷ്ണൻ.

| | അധ്യാപികമാരുടെ / അധ്യാപകരുടെ പേര് | ക്ലാസ് ചുമതല | ചുമതലകൾ. |
|---|---|---|---|
| 1. | സൈനബ വി എം. | LKG | പ്രീ പ്രൈമറി. |
| 2. | പാത്തുമ്മാബി K N | UKG | പ്രീ പ്രൈമറി. |
| 3. | നിഷ്മ സി. | 1 | ICT |
| 4. | റസിയ കെ. | II | ക്വിസ് |
| 5. | അരുണ പി. | III | അസംബ്ലി. |
| 6. | ബിനീഷ് ജോബ് | IV | അച്ചടക്കം |
| 7. | രാജി വി. ആർ. | V A | സംസ്കൃതം ക്ലബ് |
| 8. | സുബി. ഇ. കെ | V B | SRG കൺവീനർ, ദിനാചരണങ്ങൾ |
| 9. | സുനിത പി. എസ് | VI | ലൈബ്രറി, വിദ്യാരംഗം, മലയാളം ക്ലബ് |
| 10 | ഹംസ നിസാർ | VII | സ്റ്റാഫ് സെക്രട്ടറി, നൂൺമീൽ |
| 11 | സബാന എം എ | ഹിന്ദി | ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ |
| | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്

2025 - 26

മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരയതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകാശിപ്പിക്കാൻ കഴിവു നേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. AMP തയ്യാറാക്കുന്നത് അതിനുവേണ്ടിയാണ്.

## ലക്ഷ്യങ്ങൾ

- ചെറു സദസിനു മുമ്പാകെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ സങ്കോചമില്ലാതെ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
- ഓരോ കുട്ടിയും ലഘു ബാലസാഹിത്യകൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും വായിച്ചു മനസിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും പങ്കിടാനുള്ള കഴിവ് നേടുക.
- സദസിനു മുമ്പാകെ നിശ്ചിതകാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സ്വന്തം അനുഭവം, ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
- സർഗാത്മക രചനകൾ നടത്താനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.
- തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

| പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|
| ക്ലാസ് PTA നടത്തൽ<br>• സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.<br>• ചിത്രകാർഡ്, വായനകാർഡ് ശില്പശാല<br>• ആംഗ്യാത്മകമായി ചെറു കവിതകൾ ചൊല്ലൽ. | ജൂൺ | ക്ലാസ് ടീച്ചർ | Parents.<br>Parents |
| • സംയുക്ത ഡയറി എഴുതാൻ സഹായമൊരുക്കൽ<br>• കഥ പറയാനും പുസ്തകങ്ങൾ തൊട്ടറിഞ്ഞ് നിരന്തരം എടുത്തു നോക്കാനും അവസരമൊരുക്കൽ<br>• ചെറിയ കഥകൾ കേൾക്കാനവസരം നൽകുന്നു.<br>• അക്ഷരപ്പാട്ടുകൾ നൽകി അവർ തിരിച്ചറിയുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>• ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.<br>• രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു | ജൂലൈ | ക്ലാസ്ടീച്ചർ<br>ക്ലാ<br>രക്ഷിതാവ് | Parents |
| • റീഡേഴ്സ് തിയ്യേറ്റർ, നിർമാണ ശില്പശാല, പാട്ടരങ്ങ് പ്രവർത്തനങ്ങൾ.<br>• ഭാഷാവികസനത്തിന് അവസരമൊരുക്കുന്നു.<br>• ഡയറി എഴുത്ത് തുടരുന്നു | ഓഗസ്റ്റ് | ക്ലാസ് ടീച്ചർ.<br>രക്ഷിതാവ് | Parents<br>PTA |

| | | | |
|---|---|---|---|
| പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br>• അക്ഷരപ്പാട്ടുകൾ, ചിത്ര വായനകാർഡുകൾ | | | |
| • സംയുക്ത ഡയറി വെളിപ്പെടുത്താൻ അവസരം ഒരുക്കുന്നു.<br>• സ്വതന്ത്ര രചന വെളിപ്പെടുത്താൻ അവസരമൊരുക്കുന്നു<br>• വ്യക്തിഗതമായ രചനകൾക്ക് അവസരമൊരുക്കുന്നു.<br>• കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു. | സെപ്റ്റംബർ | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | Parents |
| • വായനോത്സവം സംഘടിപ്പിക്കുന്നു.<br>• ആസ്വാദ്യകരമായ വായന നടത്തുന്നു.<br>• ചിത്രവായനയ്ക്ക് അവസരമൊരുക്കുന്നു.<br>• രചനോത്സവത്തിൽ കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.<br>• ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു. | ഒക്ടോബർ | ക്ലാസ് ടീച്ചർ | Parents |

| | | | |
|---|---|---|---|
| • കുട്ടിക്കവിതകൾ ഈണത്തിലും കൂട്ടായും അവതരിപ്പിക്കുന്നു.<br>• ദിനാ നിലവാരത്താത്ത പഠനത്തിലെ ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു. | | | |
| • സംയുക്ത ഡയറി എഴുത്ത് കുട്ടികളെ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കളായി മാറുന്നു.<br>• കൂട്ടവായന, വീട്ടുവായന, ചിത്രവായന പ്രോത്സാഹിപ്പിക്കുന്നു.<br>• വായനോത്സവം<br>• രചനോത്സവം<br>• പത്രവായനയ്ക്ക് അവസരം കൊടുക്കൽ<br>• താളാത്മകമായി കവിതകൾ ചൊല്ലുന്നു.<br>• ഡയറിയിൽ കുട്ടിയുടെ എഴുത്ത് കൂടുതലാക്കുന്നു.<br>• ബാലസാഹിത്യ കൃതികൾ വായിക്കുന്നു.<br>• ക്ലാസ് പത്രം രൂപപ്പെടുത്തുന്നു. | നവംബർ | ക്ലാസ് ടീച്ചർ | Parents<br>Staff<br>PTA |
| • സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.<br>• രചന ശേഷി പരിപോഷിപ്പിക്കൽ.<br>• ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.<br>• ഗ്രൂപ്പുകളിൽ കൂട്ടെഴുത്ത് നടത്തുന്നു.<br>• ലഘു കഥ, കവിത എഴുതാൻ ശ്രമിക്കുന്നു; പ്രകാശനം. | ഡിസംബർ | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | Parents<br>PTA |

| | | | |
|---|---|---|---|
| • ലഘു രചനകൾ - ശില്പശാലകൾ നടത്തുന്നു<br>• കുട്ടികളുടെ സ്വതന്ത്ര വായന നടത്തുന്നു. (Readers theatre)<br>• കുട്ടികളുടെ രചനകളുടെ പ്രകാശനം<br>• ആശയ പൂർണ്ണതയോടെ നവീന രചനകൾ നടത്തുന്നു.<br>• ഭാഷാ കുട്ടികളുടെ സർഗ്ഗങ്ങൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു | ജനുവരി | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | Parents.<br>PTA<br>Staff |
| • ഭാഷോത്സവം, രചനോത്സവം തുടങ്ങിയവയിൽ ജന പങ്കാളിത്തം<br>• കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.<br>• സ്വതന്ത്ര വായന, എഴുത്ത്<br>• ആസ്വാദന രചന<br>• മികവുകൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു. | ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | Parents<br>PTA<br>Staff<br>Society |
| • കുട്ടികളുടെ രചനകൾ പ്രകാശനം ചെയ്യുന്നു.<br>• വായനാക്കൂട്ടങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.<br>• ഓരോ കുട്ടിക്കും ഓരോ പതിപ്പ്. | മാർച്ച് | ക്ലാസ് ടീച്ചർ | Parents<br>Staff<br>PTA<br>Society |

English

## Introduction

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like malayalam. We have to keep the language English close to our heart. The AMP is designed to ensure that not a single child goes illiterate.

## Objectives and Learning outcomes

- → Response to simple instructions in the classroom.
- → Describe orally about the pictures and objects.
- → Familiarise with simple words.
- → Enjoy songs and sings them with rhythm and action.
- → Familiarise the names of birds, animals their young ones and identifies them.

| Activities | Duration | Responsability | Support |
|---|---|---|---|
| Introduce symbol words<br>Provides picture cards. | June | class teacher | Parents. |
| Identify familiar words<br>Say familiar words<br>Read familiar words<br>write familiar words | July | class teacher | Parents |
| Enjoy songs and sings them with rhythm and action.<br>• Describes orally about pictures and objects using adjectives. | August | class teacher | parents |
| • Read and write simple picture words and sentences.<br>• Provide picture cards and reading cards | September | class teacher | Parents |
| . Introduce simple picture description.<br>- make word chain, sentence chain<br>. make riddles.<br>- Describing words, rhyming words<br>- Textbook activities. | october | Class teacher | Parents |
| . Prepare reading cards<br>. Provide more opportunities to read, write and speak English<br>· Write five sentences/ words daily. | November | class teacher | Parents. |

| | | | |
|---|---|---|---|
| Read and understand simple instructions in the classroom<br>Encourage digital reading | December | class teacher<br>Parent | Parents |
| Enjoy songs and sings them with rhythm and action.<br>Make picture album.<br>collect pictures of animals and its young ones. | January | class teacher<br>Parent | Parents |
| Provide the opportunity to express myself in the classroom.<br>English assembly ones in a week. | February | class teacher | Students staff |
| Speaks English fluently.<br>Read and write simple sentences.<br>Picture reading and picture description. | march | class teacher | Parents |

# ഗണിതം

## ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റിതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്നിലാകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതുണ്ട്. ഇതിനായി ഒന്നാം ക്ലാസിൽ നിന്നുതന്നെ ലഘു പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്

## ലക്ഷ്യങ്ങൾ

→ 1 മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
→ 5 വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
→ സംഖ്യാ വ്യാഖ്യാനം (5 വരെ)
→ ഒരക്കസംഖ്യകൾ എണ്ണുന്നു. എഴുതുന്നു, വായിക്കുന്നു.
→ ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് ഒന്ന് കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
→ സംഖ്യകളുടെ ആരോഹണ - അവരോഹണ ക്രമത്തിലാക്കുന്നു.
→ രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം, വ്യവകലനം.
→ ഒരക്കസംഖ്യകളുടെ വ്യാഖ്യാനം.
→ 1 - 20 വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു വായിക്കുന്നു.
→ ഒരക്കസംഖ്യാ പാറ്റേൺ രൂപീകരിക്കൽ
→ ലളിതമായ ഗണിത പ്രശ്നങ്ങളുടെ നിർദ്ധാരണത്തിനുള്ള കഴിവ് നേടുന്നു.

| പ്രവർത്തനങ്ങൾ | മാസങ്ങൾ | ചുമതല | പിന്തുണ |
|---|---|---|---|
| • സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.<br>• സംഖ്യാ കാർഡ് നിർമ്മിക്കൽ | ജൂൺ | ക്ലാസ് ടീച്ചർ | രക്ഷിതാവ് |
| • ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കൽ<br>• സംഖ്യാ കാർഡ് തയ്യാറാക്കുന്നു | ജൂലൈ | ക്ലാസ് ടീച്ചർ<br>രക്ഷിതാവ് | രക്ഷിതാവ് |
| • 1-20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു<br>• കൂടുതൽ, കുറവ് തിരിച്ചറിയുന്നു.<br>• ഗണിതകിറ്റിലെ സാധനങ്ങളുപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | രക്ഷിതാവ് |
| • സംഖ്യാ ഗാനങ്ങൾ അവതരിപ്പിക്കൽ<br>• ഒറ്റ സംഖ്യകൾ തമ്മിലുള്ള സങ്കലനം, വ്യവകലനം നടത്തൽ<br>• ഒന്നിനോടൊന്നു കൂടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.<br>• സംഖ്യാഗാനാലാപനം. | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | രക്ഷിതാവ് |
| • ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ. (ഒന്നിടവിട്ട സംഖ്യകൾ)<br>• വലിയ, ചെറിയ സംഖ്യകൾ തിരിച്ചറിയൽ<br>• ഗണിത പ്രവർത്തനങ്ങൾ | ഒക്ടോബർ | ക്ലാസ് ടീച്ചർ | രക്ഷിതാവ് |
| • സംഖ്യാഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.<br>• ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനം | നവംബർ | ക്ലാസ് ടീച്ചർ | രക്ഷിതാവ് |

| | | | |
|---|---|---|---|
| • സംഖ്യകൾ ആരോഹണ-അവരോഹണ ക്രമത്തിൽ എഴുതൽ<br>• ഗണിത ആൽബം തയ്യാറാക്കൽ | ഡിസംബർ | ക്ലാസ് ടീച്ചർ | രക്ഷിതാവ് |
| • ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലനം.<br>• സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു<br>• 1-10 സംഖ്യാ വ്യാഖ്യാനം | ജനുവരി | ക്ലാസ് ടീച്ചർ | രക്ഷിതാവ് |
| • ഗണിത ആൽബം പ്രദർശനം<br>• വിലവിവരപ്പട്ടിക പ്രശ്നവിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ഫെബ്രുവരി | ക്ലാസ് ടീച്ചർ | രക്ഷിതാവ് |
| • ഗണിതാശയ വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു<br>• ലളിതമായ ക്രിയകളിൽ ഏർപ്പെടുന്നു.<br>• സംഖ്യകളുടെ ഏകദേശ തുല്യം എന്നിവ തിരിച്ചറിയുന്നു. | മാർച്ച് | ക്ലാസ് ടീച്ചർ | രക്ഷിതാവ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## രണ്ടാം ക്ലാസ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് : 2

വിദ്യാലയത്തിന്റെ പേര് : ജി.യു.പി.എസ് പൈങ്കുളം.

ക്ലാസ് : 2

ക്ലാസ് ടീച്ചറുടെ പേര് : റസിയ കെ

ഉപജില്ല : വടക്കാഞ്ചേരി

ജില്ല : തൃശൂർ.

# ഉള്ളടക്കം.


1. ആമുഖം.
2. പ്രവർത്തനകലണ്ടർ.
3. സംയുക്ത ഡയറി.
4. പാട്ടരങ്ങ്.
5. റീഡേഴ്സ് തീയേറ്റർ.
6. രചനോത്സവം.
7. ഭാഷോത്സവം.
8. വാർഷികാസൂത്രണം.

# ആമുഖം

ജി.യു.പി.എസ് പൈങ്കുളത്തിൽ 2025-2026 അധ്യയന വർഷം കുട്ടികൾ രണ്ടാം ക്ലാസ് A ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. അതിനായി ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മകത, വൈകാരിക മേഖല എന്നിവയ്ക്കായി മുൻപു നടത്തിയ പദ്ധതികൾക്കു പുറമേ നൂതന ആശയങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് പൊതു വിദ്യാഭ്യാസ പദ്ധതി ഈ അക്കാദമിക വർഷത്തെ വരവേൽക്കുന്നത്. രണ്ടാം ക്ലാസിലെ സംയുക്ത ഡയറിക്ക് പുറമേ പാട്ടരങ്ങ്, റീഡേഴ്സ് തീയേറ്റർ തുടങ്ങിയ ആശയങ്ങളും ഈ വർഷവും ആസൂത്രണം ചെയ്യുന്നുണ്ട്. ഇവയെല്ലാം ഉൾക്കൊള്ളിച്ച് ഞങ്ങളുടെ വിദ്യാലയവും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. അതിലൂടെ കുട്ടികളുടെ സർവ്വതോന്മുഖ വികാസം ലക്ഷ്യം വെക്കുന്നു.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകളുപയോഗിച്ച് തെറ്റില്ലാതെ ലഘുബാല സാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടു കൂടി കുട്ടികൾ സംയുക്ത ഡയറി എഴുതുകയും കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യും.

- സ്വായത്തമാക്കിയ വാക്യങ്ങളുപയോഗിച്ച് ഇഷ്ടം സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്കവസരം നൽകുന്നു.
- കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു കൊണ്ട് അറിവ് നിർമ്മാണ പ്രക്രിയകളിലൂടെ പഠന നേട്ടങ്ങൾ കൈവരിക്കുന്നു.
- സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്ന രീതി വിശദമാക്കുന്നു.
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് CPTA കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.
- ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നു.
- ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന Language Aquisition പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വന്തമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

# പ്രവർത്തനകലണ്ടർ.

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1 | പ്രവർത്തനകലണ്ടർ | മെയ് |
| 2. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 3. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 4. | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 5. | രചനോത്സവം | ജൂലൈ - ഫെബ്രുവരി |
| 6. | ഭാഷോത്സവം | ജനുവരി. |
| 7. | ഗണിതക്ലിക്, ഗണിതമൂല | ജൂൺ |
| 8. | Hello English Adaptation | ജൂൺ - മാർച്ച് |
| 9. | ക്ലാസ്തല ബാലസഭ | എല്ലാ മാസവും |
| 10. | പഠനോത്സവം. | മാർച്ച് |

# സംയുക്ത ഡയറി.

ലക്ഷ്യപ്രസ്താവന :

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വാനുഭവങ്ങൾ എഴുത്തിലൂടെ പ്രതിഫലിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നതിന് കഴിയുന്നു.
- ഭാഷാശേഷി വികസന സാധ്യത.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം

പ്രവർത്തനഘട്ടങ്ങൾ :

- SRG (ജൂൺ ആദ്യം)
- CPTA
- ഡയറി പരിശോധിച്ച് ടീച്ചർ വിലയിരുത്തുന്നു.
- ആതുകമുള്ളവ ക്ലാസിൽ പങ്കു വെക്കുന്നു
- വിശേഷണങ്ങൾ ചേർത്ത് എഴുതുന്നവ പരിശോധിക്കുന്നു.
- സർഗാത്മക ലേഖനങ്ങൾക്കവസരം നൽകുന്നു.
- മികച്ച ഡയറി എഴുതിയവരെ അനുമോദിക്കുന്നു.
- CPTA അവലോകനം.

കാലയളവ് :

ജൂൺ - മാർച്ച്

ചുമതല :

ക്ലാസ് ടീച്ചർ , പരിതാവ്.

# പാട്ടരങ്ങ്

• **ലക്ഷ്യപ്രസ്താവന:**

- താളത്തോടെ കവിതകൾക്ക് ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ചാസ്വദിക്കുകയും ഒറ്റയ്ക്കും കൂട്ടായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ആശയബോധത്തോടെ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നശേഷിക്കാരെ പരിഗണിക്കുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

• **പ്രവർത്തനഘട്ടങ്ങൾ:**

- SRG
- CPTA
- വ്യത്യസ്ത പാട്ടുകൾ പാടുന്നു.
- തുടർ പാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ.
- തയ്യാറാക്കിയ പാട്ടുകൾ വായനാകാർഡ് ആക്കൽ.
- പൊതുപരിപാടികളിൽ പാട്ടരങ്ങ് അവതരണം.

• **കാലയളവ്:**

ജൂൺ - മാർച്ച്.

• **ചുമതല:**

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ.

# റീഡേഴ്സ് തീയേറ്റർ.

- <u>ലക്ഷ്യ പ്രസ്താവന</u>:

- കഥാ സന്ദർഭം വായിച്ച് സംഭവം, കഥാപാത്രം എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു.
- കേൾവിക്കാരെ ആശയം ബോധ്യപ്പെടും വിധം വായിച്ചവതരിപ്പിക്കുന്നു.
- ശബ്ദവ്യതിയാനത്തിനനുസരിച്ച് വായിക്കുന്നു.
- കഥ വായിച്ച് വിശകലനം ചെയ്ത് script എഴുതുന്നു.
- പരസ്പര സഹായ വായനയിൽ ആത്മവിശ്വാസം വളർത്തുന്നു.

- <u>പ്രവർത്തനഘട്ടങ്ങൾ</u>:

- SRG (June)
- CPTA (June).
- എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് വായനാസാമഗ്രികൾ വായിക്കുന്നു.
- മികച്ച അവതരണങ്ങൾ സ്കൂൾതല സദസ്സിൽ അവതരിപ്പിക്കുന്നു.

- <u>കാലയളവ്</u>:

ജൂലൈ - മാർച്ച്.

- <u>ചുമതല</u>:

ക്ലാസ് ടീച്ചർ, രക്ഷിതാവ്.

# രചനോത്സവം.

- **ലക്ഷ്യ പ്രസ്താവന:**

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യമാർന്ന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ്തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- **പ്രവർത്തന ഘട്ടങ്ങൾ:**

- SRG
- CPTA
- പ്രതിമാസ രചനോത്സവം.
- രചനോത്സവ രചനാ പ്രസിദ്ധീകരണം.
- വ്യക്തിഗത രചനാ പ്രദർശനം.

- **കാലയളവ്:**

ജൂലൈ - ഫെബ്രുവരി.

- **ചുമതല**

ക്ലാസ് ടീച്ചർ, PTA

# ഭാഷോത്സവം.

- **ലക്ഷ്യപ്രസ്താവന:**
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു
- ഭാഷാപഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു.
- ആശയം / അനുഭവം വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു
- ആശയപൂർണ്ണതയോടെ തെറ്റില്ലാതെ രചനയ്ക്ക് പ്രാപ്തരാക്കുന്നു.

- **പ്രവർത്തന ഘട്ടങ്ങൾ:**
- SRG
- CPTA
- പ്രാദേശിക കലാസാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.
- അവലോകനം.

- **ചുമതല:**

SRG, PTA, HM

- **കാലയളവ്:**

ജനുവരി.

# അക്കാദമിക മാസ്റ്റർ പ്ലാൻ.

## മലയാളം.

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ വൈജ്ഞാനികം, വൈകാരികം, സർഗാത്മകം, ഭാഷ എന്നീ മേഖലകളിൽ ഊന്നിയുള്ള വിദ്യാഭ്യാസത്തിലൂടെ സാധിക്കുന്നു കുട്ടികൾക്ക് ശേഷിവികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സമ്പൂർണ്ണ വികാസമാണ് വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്.

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| • രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നത്.<br>• ആശയ ഗ്രഹണ വായന ഉറപ്പാക്കൽ.<br>• സ്വതന്ത്ര ലേഖനത്തിൽ ഏർപ്പെടുന്നു. പഠിപ്പ് സ്വായത്തമാകുന്നു. | • ചിത്രവായന, നിറം നൽകൽ<br>• അഭിനയം - കഥ, കവിത എന്നിവ വായിച്ച് സന്ദർഭം ഉൾക്കൊണ്ട് അഭിനയിക്കൽ.<br>• കൂട് നിർമ്മാണം.<br>• കടങ്കഥകൾ (സ്വയം നിർമ്മിക്കുന്ന ഉത്തരം കണ്ടെത്തുന്നു).<br>• ലഘു പരീക്ഷണങ്ങൾ.<br>• മഴയനുഭവം<br>• വായനയും എഴുത്തും വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ.<br>• പോസ്റ്റർ നിർമ്മാണം (ജല- ~~[illegible] സംരക്ഷണം~~) | ജൂൺ | ക്ലാസ് ടീച്ചർ, പഠിതാവ്, രക്ഷിതാവ് |
| • സർഗാത്മക പ്രവർത്തനങ്ങൾ.<br>• പാഠപുസ്തകത്തെ ആസ്പദമാക്കി | • ഭാഷയുമായി ബന്ധപ്പെട്ട KT സാധ്യതാ ഉപയോഗപ്പെടുത്തുന്നു.<br>• കഥ, കവിത എന്നിവ വായിക്കുന്നു, വരികൾ ചേർക്കുന്നു. ആംഗ്യഭാവങ്ങളോടെ അവതരിപ്പിക്കുന്നു. | ജൂലൈ | ക്ലാസ് ടീച്ചർ, പഠിതാവ്, രക്ഷിതാവ് |

| | | | |
|---|---|---|---|
| സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു<br>• ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. | ◉ ചിത്രരചന - കഥയിലെ ഇഷ്ട ഭാഗം ചിത്രീകരിക്കൽ.<br>◉ കൃഷിപ്പണിയുടെ ഘട്ടങ്ങൾ തിരിച്ചറിയൽ.<br>◉ നിർമ്മാണ പ്രവർത്തനം (പൂക്കളും പച്ചക്കറികളും നിർമ്മിക്കൽ) | | |
| | → ക്ലാസ് ലൈബ്രറി കാര്യക്ഷമമാക്കൽ.<br>→ വായനാ തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു.<br>→ നിർമ്മാണം (തൊപ്പിയുണ്ടാക്കൽ)<br>→ പതിപ്പ് നിർമ്മാണം. (ദേശീയ നേതാക്കൾ)<br>→ ദിനാചരണങ്ങൾ, അവയുടെ പ്രാധാന്യം. | ആഗസ്റ്റ് | HM, ക്ലാസ് ടീച്ചർ, പഠിതാവ്, രക്ഷിതാവ്. |
| | * കഥ വായിച്ച് ചോദ്യനിർമ്മാണം<br>* ICT ഉപയോഗിച്ച് ഓണപ്പാട്ട് പരിചയപ്പെടൽ.<br>* ചിത്രരചന - ഉത്സവക്കാഴ്ചകൾ.<br>* നിർമ്മാണം - ശുചീകരണ ഉപകരണങ്ങൾ. | സെപ്റ്റംബർ | class teacher, പഠിതാവ്, രക്ഷിതാവ് |
| | • സംഭാഷണം തയ്യാറാക്കൽ<br>• പാചകക്കുറിപ്പ്<br>• ആൽബം (ആഹാര സാധനങ്ങളുടെ ചിത്രങ്ങൾ, പാചകക്കുറിപ്പ്)<br>• പലഹാരമേള. | ഒക്ടോബർ | HM, class teacher, പഠിതാവ്, രക്ഷിതാവ്. |

# ഗണിതം.

ഗണിത പഠനം രസകരവും ആസ്വാദ്യകരവും ആകണം. എല്ലാ കുട്ടികൾക്കും ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് ആശയ ധാരണ നേടാൻ കഴിയുന്നതായിരിക്കണം. ഓരോ കുട്ടിയെയും നിത്യജീവിതത്തിലാവശ്യമായ ഗണന ശേഷികൾ നേടാൻ പ്രാപ്തരാക്കുക എന്നതു കൂടിയാകണം ഗണിത പഠന ലക്ഷ്യങ്ങൾ.

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| • ചുറ്റുമുള്ള ഓരോ വസ്തുവിലും വിവിധ ജ്യാമിതീയ രൂപങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. | → SRG<br>→ വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>→ വ്യത്യസ്ത രൂപങ്ങൾ ചേർത്ത് ചിത്ര നിർമ്മാണം. | ജൂൺ | ടീച്ചർ, പരിഷത്ത്, രക്ഷിതാവ് |
| • 100 വരെയുള്ള സംഖ്യാബോധം. സംഖ്യകളെ വ്യാഖ്യാനിക്കാനും സംഖ്യകൾ ചേർത്ത് സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ.<br>• സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്<br>• ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു. | • ~~ഗണിത കളികൾ~~.<br>• രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്ന നിർധാരണങ്ങൾ.<br>• തുടർച്ചയായ എണ്ണൽ സംഖ്യകളിൽ നിന്ന് പാറ്റേൺ രൂപീകരണം<br>• ഗണിത കളികൾ.<br>• ജോഡിയാക്കൽ (പത്തുകളും ഒന്നുകളും ചേർന്ന്)<br>★ സംഖ്യാ കാർഡുകൾ (10 കളുടെയും ഒന്നുകളുടെയും കാർഡുകൾ ഉപയോഗിച്ച് | ജൂലൈ | ടീച്ചർ, കുട്ടി. |

| | | | |
|---|---|---|---|
| • ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു<br>• ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ കഴിയും എന്ന വേളയിൽ എത്തിച്ചേരൽ. | ആകൃതികൾ രൂപീകരിക്കുന്നു.)<br>* ബാഡ്ജ് നിർമ്മാണം.<br>* ഗണിത ക്വിസ്<br>* 100 - 200 വരെയുള്ള സംഖ്യാ പരിചയം. | ആഗസ്റ്റ് | ടീച്ചർ, പഠിതാവ് |
| • പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗിക്കുന്നു (നാണയവും പണവും)<br>• ഗണന ക്രിയകളിൽ ഏർപ്പെടുന്നു. | → ~~നോട്ടുകളും~~<br>→ നോട്ടുകളും നാണയങ്ങളും ഉപയോഗിച്ച് നിത്യജീവിതത്തിലെ പ്രശ്ന പരിഹാരം.<br>→ നോട്ട് നിർമ്മാണം.<br>→ വിലവിവരപ്പട്ടിക തയ്യാറാക്കൽ. പട്ടികയിലെ വിവരങ്ങൾ കണ്ടെത്തൽ. പ്രശ്ന നിർധാരണം ചെയ്തുക കാണൽ. | സെപ്റ്റംബർ | ടീച്ചർ, കുട്ടി, രക്ഷിതാവ് |
| • നിത്യജീവിതവുമായി ബന്ധിപ്പിച്ച് ഗണന ക്രിയകൾ ചെയ്യുന്നു. | • സങ്കലന-വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്ന നിർധാരണം. | ഒക്ടോബർ | Teacher, learner |

# ENGLISH

**Aim:**
To speak, read and write English without any mistakes.

**Time:** June - March

**Pretest:** To check the vocabulary and writing skill of the paper.

| Discourses | Activities | Duration | Responsibility. |
|---|---|---|---|
| Listening Skill. | • SRG<br>• Games, action song, riddles<br>• Conversation, skit, stories, description (ICT)<br>• Picture reading.<br>• Interaction. | June-July | Teacher, learners. |
| Speaking Skill. | -> Identify the names of things from the picture.<br>-> Identify the action words from the picture.<br>-> Make simple sentences using action words and naming words.<br>-> Picture reading.<br>-> Self introduction.<br>-> Word web. | July-August | Teacher, learner, Parent. |

| | | | |
|---|---|---|---|
| Reading skill. | • News paper reading.<br>- Reading cards.<br>• Find words.<br>• Rhyming words, word chain.<br>• Make riddles and read.<br>• conversation reading. | August, September, October, November | Teacher, learners, parents. |
| writing skill | ⇒ Conversation, thought<br>⇒ Riddles, add more lines.<br>⇒ Poster, self introduction<br>⇒ Description.<br>⇒ Drawing letter picture. | June-March | Teacher, students, parents. |
| Presentation | • In the class<br>- In the assembly<br>• Public programmes | June-March | HM, teacher, students, Parents. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## CLASS : III

# ആമുഖം

ജി. യു. പി. എസ് [illegible] പൈങ്കുളം

2025-26 അധ്യയന വർഷം 25 കുട്ടികൾ മൂന്നാം ക്ലാസ് A ഡിവിഷനിൽ പഠിക്കുന്നു. രണ്ടിൽ നിന്നും മൂന്നിലേക്ക് വന്ന മുഴുവൻ കുട്ടികൾ ആണ്. ഉയർന്ന പഠനനിലവാരം ഉറപ്പുവരുത്തേണ്ട-തുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക വൈകാരിക മേഖല എന്നിവയ്ക്കായി മുൻപ് നടത്തിയിരുന്ന പദ്ധതികൾക്കു പുറമേ നൂതന ആശയങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് പൊതു വിദ്യാഭ്യാസ പദ്ധതി ഈ അക്കാദമിക വർഷത്തെ വരവേൽക്കുന്നത്. മൂന്നാം ക്ലാസിലെ സർഗാത്മക ഡയറി, പാട്ടരങ്ങ്, റീഡേഴ്സ് തീയറ്റർ തുടങ്ങി മെച്ചപ്പെട്ട പ്രവർത്തനങ്ങളും കുട്ടികളെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുന്ന. ഒന്നാണ്. ഈ വിദ്യാലയവും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് കുട്ടികളുടെ സർവ്വതോന്മുഖ വികാസം ലക്ഷ്യം വെച്ചു കൊണ്ടാണ്.

# Academic Master Plan

class : III — Subject : English

| Aim | class room activities and process | period |
| --- | --- | --- |
| To Speak, Read and write English without any mistakes | - To check the vocabulary and writing skills of pupils | June - March |
| | Activities :- | June - July |
| | pre test | |
| | - To develop listening skills and reading skills. | |
| | Listening Skills :- | |
| | > Hello English Activities | |
| | > conversation | |
| | > skit stories | |
| | > Use ICT | |

| | | |
|---|---|---|
| | Speaking skills :-<br>> Identify the naming words from the picture<br>> Identify the action words from the picture<br>• Make the Simple Sentences using the word about picture<br>> Make Simple description about the picture<br>> Growing Sentences, picture reading, ~~Self~~ Self introduction | |
| To Speak, Read and write English without any mistakes | • Develop the creative speaking and writing<br>Reading Skills<br>> Books reading<br>> find words | ~~Augt~~<br>August - September |

| | | |
|---|---|---|
| | > collect and read past tense<br>> Rhyming words<br>> TB Activities<br><br>* Writing Skills<br>> Make word web<br>> picture description<br>> word chain<br>> Make words and Sentences.<br>> Make riddles, conversa-tion<br>> Add more lines | |
| To Speak, Read and write English without any mistakes | To express thoughts, feelings etc...<br><br>Reading Skills<br>- Literary book reading | October - November |

| | | |
|---|---|---|
| | • conversation, Skit, Stories.<br>use ICT<br>Read notice<br>Develop story<br>writing Skills<br>• Description<br>• Thoughts | |
| To Speak, Read and write English without any mistakes | * Develop the creative Speaking and writing<br>Reading Skills<br>• Literary book reading<br>• conversation, Skit Stories<br>use ICT<br>• Develop story<br>• Read dairy<br>writing Skills<br>• Dairy<br>• Announcement. | December - January |

| | | |
|---|---|---|
| To Speak, Read and write English without any mistakes | * To improve the presentation power.<br><br>Reading Skills<br>> Library books reading<br>> conversation, shit stories<br>Develop story<br><br>Writing Skills<br>· Dairy<br>· Descriptions<br>· Thoughts<br>· Exibition | February and March |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്സ്: മൂന്ന് വിഷയം: ഗണിതം

ലക്ഷ്യം :- മൂന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.

| Sl No | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | • സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം.<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| 2 | ജൂൺ | • സംഖ്യ നറുക്ക് എടുക്കുന്നു.<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. |
| 3 | ജൂൺ- സെപ്റ്റംബർ | • പാറ്റേൺ പൂർത്തിയാക്കാം<br>• വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ |
| 4 | ജൂൺ - ഓഗസ്റ്റ് | ക്രമത്തിലാക്കാം.<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>• ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുന്നു. |

ലക്ഷ്യം : 2

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

| Sl No | മാസം | പ്രവർത്തനം. |
|---|---|---|
| 1 | ജൂൺ | കൂട്ടങ്ങളാക്കാം<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>• കളിനോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |
| 2 | ജൂൺ - സെപ്തംബർ - നവംബർ | സംഖ്യാ സൂര്യൻ<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം<br>• ക്രമമായി നിരന്ന് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |
| 3 | ജൂൺ - ഡിസംബർ | ക്രമീകരിക്കാം<br>• സംഖ്യകളെ ആരോഹണത്തിൽ ക്രമീകരിക്കാം.<br>• മൂന്നക്ക സംഖ്യകൾ എഴുതാൻ അവസരം ഒരുക്കാം. |

ലക്ഷ്യം: 3

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl No | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂലൈ - ഫെബ്രുവരി | ഭാഗ്യവാനെ കണ്ടെത്താം<br>• അദ്ധ്യാപകൻ BBയിൽ ഒരു സംഖ്യ എഴുതുന്നു.<br>• വിവിധ സംഖ്യ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് നൽകുന്നു<br>• ക്രിയ ചെയ്യും<br>• ആരുടെ ഉത്തരം ആണ് BBയിൽ ഉള്ളത് എന്ന് കണ്ടെത്താം. |
| 2 | ഓഗസ്റ്റ് - ഫെബ്രുവരി | ജോഡി കണ്ടെത്താം<br>• വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി അത് കളത്തിൽ ഒട്ടിക്കാം. |
| 3 | ജൂലൈ - മാർച്ച് | സംഖ്യാ ചക്രം<br>• സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>• അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്: മൂന്ന്

വിഷയം: പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആഹാരത്തിലടങ്ങിയ പോഷകവസ്തുക്കളുടെ പ്രാധാന്യങ്ങളും തിരിച്ചറിവ് | > പോഷകമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ്ടീച്ചർ SRG കമ്മിറ്റിയംഗങ്ങൾ (SMC) |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പഠനയാത്ര, ഔഷധത്തോട്ടം, ചുറ്റുവട്ടങ്ങൾ | ഡിസംബർ ജനുവരി | SRG SMC |
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാമത്സരം അവതരണങ്ങൾ | ജൂൺ ജൂലൈ | Class teacher SRG SMC |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാഴ്ചബംഗ്ലാവിലേക്ക്, കാണാക്കാഴ്ചകൾ... | സെപ്തംബർ ഡിസംബർ | Teacher SRG SMC |

| | | | |
|---|---|---|---|
| നാടറിയാൻ - നാട്ടറിവുകൾ | > കർഷകരുമായി അഭിമുഖം.<br>> കൃഷിയിടത്തിലേക്ക്,<br>> നമ്മളും കർഷകരാകാം | ജനുവരി | Teacher<br>SRG<br>~~Staff~~ |
| ശാസ്ത്രാവബോധം വളർത്തുക | > കണ്ടെത്താം അറിയാം<br>~~>~~<br>> പാഠഭാഗ പരീക്ഷണങ്ങൾ കണ്ടെത്തുന്ന<br>> കുറിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ ആഗസ്റ്റ്. | Teacher |
| പ്രവൃത്തി പരിചയം. | | | |
| നിർമ്മാണം - അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റ് സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA |
| ശാസ്ത്രമേള. | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>Teacher |

| | | | |
|---|---|---|---|
| ശാസ്ത്രയാത്ര | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ | വനം നിരീക്ഷണ യാത്ര, സയൻസ് പാർക്ക്, ശാസ്ത്ര ഗ്യാലറികൾ, പ്രദർശനങ്ങൾ, ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM Teacher SRG |
| ഭൂപട നിർമ്മാണം. | | | |
| കേരളം - ഇന്ത്യ - ഭൂപട വായന - സൂചിക - പരിചയപ്പെടൽ | > ഭൂപട വായന<br>> ഭൂപട രചന<br>> സൂചികാ നിർമ്മാണം<br>> | വർഷത്തിൽ. രണ്ട് | SRG Teacher |
| ശാസ്ത്രവിസ്മയ ചുമർ | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ~~[illegible]~~ ആവശ്യാനുസരണം. | Teacher SRG |
| ശാസ്ത്രോത്സവം | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം. ഇവയുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | HM Teacher SRG |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം

ലക്ഷ്യങ്ങൾ :-

- പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എത്തും വരും.
- സംഭാഷണ പ്രവർത്തനങ്ങളിലേർപ്പെട്ട് ഭാഷാ-പ്രയോഗവൈവിധ്യങ്ങൾ സ്വാംശീകരിക്കും. അവ വിവിധ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാരൂപങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് .. തുടങ്ങിയവ) പ്രതിദിന വായനയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
- കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയവയിലൂടെ ആവിഷ്കരിക്കും.

> ഉചിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും. (വിവരണം, സംഭാഷണം)

<u>ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ</u>:-

<u>ജൂൺ - ജൂലായ്</u>

> നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
> പഴഞ്ചൊല്ലുകൾ ശേഖരണം
> കഥാശേഖരം (നാട്ടുകഥകൾ)
> നാടൻ പാട്ടിലെയും കവിതയിലെയും താളം
> (കവിതചൊല്ലൽ ശില്പശാല)
> കഥോത്സവം (നാടൻ കഥകളുടെ അവതരണം)
> കടങ്കഥ ശേഖരണം
> കലകൾ പരിചയപ്പെടാം (അഭിമുഖം)
> കലാരൂപങ്ങൾ വേഷവിധാനം - ആൽബം

<u>ആഗസ്റ്റ്, സെപ്തംബർ</u>

>
> കുട്ടികൾ വരച്ച ചിത്രങ്ങൾ ചേർത്ത് ആൽബം നിർമ്മിക്കുന്നു.
> ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കൽ.

> നാടക ശില്പശാല
> റോൾപ്ലേ അവതരണങ്ങൾ
> ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
> പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
> കണ്ടുകൾ മാതൃകകൾ
> ഹരിത കർമ്മസേന അംഗങ്ങളുമായി അഭിമുഖം
> സ്കൂൾ പഠനം.
> ശുചിത്വ പരിപാടികൾ സംഘടിപ്പിക്കുന്നു.

## സിപിടിഎ ഒന്നാം മികവുത്സവം

- നാടോടിക്കഥകളുടെ അവതരണം
- നാടൻ പാട്ടുകളുടെ അവതരണം
- പാവ നാടകം അവതരണം.

## ഒക്ടോബർ

> കൃഷിയിടം സന്ദർശനം
> കൃഷിപ്പാട്ടുകൾ കൃഷിപ്പഴഞ്ചൊല്ലുകൾ അവതരണം.
> കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം
: പതിപ്പ്
> നാടൻപാട്ട് ശില്പശാല.

ജൂൺ - മാർച്ച്

> എഴുത്ത്, വായന സംസാരശേഷി വർദ്ധിപ്പിക്കൽ
> Pre test
> നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർദ്ധിപ്പിക്കുക.
> Activities

ഭാഷാ ഗെയിമുകൾ,
ആക്ഷൻ സോംഗ്സ്.

> ഭാവാത്മക വായന
> കഥ പറയൽ
> ഐ സി ടി ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ.

സംസാരശേഷി :-

> ചിത്ര വായന
> കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്വിസ് അവതരണം.
> അനുഭവ വിവരണം.
> ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കുക.
> ചിത്ര വിവരണം.

## വായനശേഷി

- കഥാപുസ്തകങ്ങൾ വായിക്കുക.
- വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക.
- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ
- വാക്കുകളുടെ വെബ് നിർമ്മിക്കുക.
- ചോദ്യങ്ങൾ നിർമ്മിക്കുക. ചോദ്യോത്തരപ്പയറ്റ്
- വാക്കുകൾ കൂട്ടിച്ചേർന്നു കൂടുതൽ വരികൾ എഴുതുക.

# മലയാളം - നാലാം ക്ലാസ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലന സമയങ്ങളിൽ അനുയോജ്യമായ പ്രവർത്തനങ്ങൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | |
| **വായിക്കാം വളരാം.** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ മൂല ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം. വായനാ കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, അഭിനയ വായന | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ CPTA | |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും ചെറിയ രചനകൾ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ. | |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ഭാഷാ ശേഷി വർധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ | |
| **കണ്ടറിയാം.. കേട്ടറിയാം....** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ. | |
| **രുചിച്ചറിയാം** | | | | |
| നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം - ഇലവിഭവ സദ്യ. | വർഷത്തിൽ ഒരിക്കൽ | SRG ക്ലാസ് ടീച്ചർ PTA | |

ENGLISH - STD IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് ഡയറി.** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | ആഴ്ചയിൽ 2 ദിവസം വർഷം മുഴുവൻ. | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് പറയൽ സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ Skit, Drama, Story Telling Conversation | മാസത്തിൽ ഒന്ന് | ക്ലാസ്ടീച്ചർ | |
| **ഇംഗ്ലീഷ് അസംബ്ലി** | | | | |
| ഇംഗ്ലീഷ് ഭയമില്ലാതെ വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി ചേരൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനാശേഷി വികസനം. | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM ക്ലാസ്ടീച്ചർ SRG | |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ വായനാ കുറിപ്പ് പുസ്തക പരിചയം | മാസത്തിൽ ഒരു തവണ | ക്ലാസ്ടീച്ചർ | |

## ഗണിതം - നാലാം ക്ലാസ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം ഗണിതം.** | | | | |
| ഗണിത പഠനം രസകരമാക്കൽ (കുട്ടികൾക്ക് ലളിതമാക്കൽ) | വിവിധ തരം കളികൾ അവതരണം ചെയ്യൽ. ഗെയിമുകൾ മൂല്യനിർണ്ണയം | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ കരകൗശല വിദ്യ | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | |
| **ഗണിത ലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഉപകരണങ്ങൾ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ. | |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഗണിത പഠനോപകരണ ശില്പശാല.** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട 3 പഠനോപകരണങ്ങളുടെ നിർമ്മാണം | [illegible] | ക്ലാസ് ടീച്ചർ | |

# പരിസര പഠനം STD IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം - അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രജ്ഞർ** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഭൂപടമൊരുക്കാം.** | | | | |
| കേരളം - ഇന്ത്യ ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാ നിർമ്മാണം | വർഷത്തിലുടനീളം | SRG ക്ലാസ് ടീച്ചർ | |
| **ശാസ്ത്രോത്സവം.** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ടുകൾ, പഠനോപകരണം, പരീക്ഷണം - ഇവയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM SRG ക്ലാസ് ടീച്ചർ | |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ | HM SRG ക്ലാസ് ടീച്ചർ. | |

## മലയാളം അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | <u>എന്റെ അവധിക്കാലം</u><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ ( കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ് അവതരിപ്പിക്കുന്നു.) | ജൂൺ | മലയാളം അധ്യാപകർ | |
| | <u>ഭാഷാകേളി</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ചൊല്ലി അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | <u>വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്</u><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 2. പഠനത്തിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകത്തേക്ക് :-<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസം | മലയാളം അധ്യാപകർ | |
| | വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ലൈബ്രറി (ക്ലാസ്) പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി | സംവാദം/ മുഖാമുഖം :-<br>സാഹിത്യകാരന്മാർ, എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദ | വർഷത്തിൽ | മലയാളം അധ്യാപകർ<br>മലയാളം ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| വളർത്തൽ | ആൽബം സംഘടിപ്പിക്കുന്നു. | | | |
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | <u>രംഗാവിഷ്കാരം</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പിടിഎ, സ്കൂൾ | |
| 5) എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | * ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>* ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>* സ്കൂൾ ലൈബ്രറി നവീകരണം<br>* ജന്മദിന പുസ്തകം | | | |

## ഉപമേഖല - ആസൂത്രണം - ഹിന്ദി -

| | ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• classൽ അക്ഷരമാല പ്രദർശനം<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം | JUNE TO AUGUST | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>SCERT |
| 2. | വീട്ടുപരിസരത്തെ (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിചിതമാകാനുള്ള അവസരം. | September to October | ഹിന്ദി നിഘണ്ടു | PTA, BRC<br>Resource Teacher |

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 3. ആശയങ്ങൾ തന്റെ കൂട്ടുകാരെ പ്രകടിപ്പിക്കാനും വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് Sep 14 ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധിക വായന സാമഗ്രികൾ<br>• ചിത്രസഹായങ്ങളോടെ<br>• ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥപറയൽ<br>• ചിത്രം - കഥ എഴുതൽ<br>• കഥ ബാക്കി എഴുതൽ<br>• വായന മൂല<br>• ഹിന്ദി ക്ലബ് - പ്രവർത്തനങ്ങൾ | November To February | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

## ഭാഷാപഠനം - ഇംഗ്ലീഷ് (യു.പി)

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം. | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. ഇംഗ്ലീഷിൽ ഡയറി എഴുതൽ. ക്ലാസുകൾ ഇംഗ്ലീഷിൽതന്നെ കൈകാര്യം ചെയ്യൽ | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക | |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനക്കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം. | ഇംഗ്ലീഷ് അധ്യാപിക | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | ഇംഗ്ലീഷ് കഥ, കവിത- രചന, പ്രദർശനം. | വർഷത്തിൽ 4 തവണ. | ഇംഗ്ലീഷ് അധ്യാപിക | |

## മേഖല - യു.പി. ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട ദിനാചരണങ്ങളിൽ പ്രശ്നോത്തരി സംഘടിപ്പിക്കുക. | | സയൻസ് ക്ലബ്ബ് | |
| | ശാസ്ത്രജ്ഞന്മാരും അവരുടെ സംഭാവനകളും എന്ന വിഷയത്തിൽ പോസ്റ്റർ തയ്യാറാക്കി ക്ലാസിൽ അവതരണം | ഒരു തവണ | സയൻസ് ക്ലബ്ബ് | |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | 1 വർഷം | സയൻസ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ് | പി.ടി.എ. |
| | ഔഷധസസ്യത്തോട്ടം നിർമ്മാണം, സ്കൂളിന്റെ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ | 3 മാസം | സയൻസ്, പരിസ്ഥിതി ക്ലബ്ബുകൾ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | 'പ്രകൃതി നടത്തം' - വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, അധിനിവേശസസ്യങ്ങളെ കുറിച്ച് നേരിട്ട് മനസ്സിലാക്കൽ. - പുഴയെ അറിയാൻ യാത്രകൾ. | 1 മാസം | സയൻസ്, ഹെൽത്ത്, പരിസ്ഥിതി ക്ലബ്ബുകൾ. | |
| ശാസ്ത്രമേളയിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ സ്കൂളിലെ വർക്ക് ഇന്റഗ്രേറ്റഡ് ലാബ് ആയ Creative Corner ന്റെ അടിസ്ഥാനത്തിൽ ശില്പശാലകൾ സംഘടിപ്പിക്കൽ | | ശാസ്ത്ര അധ്യാപകർ വർക്ക് ഇന്റഗ്രേറ്റഡ് ലാബിന്റെ ചുമതല ഉള്ള അധ്യാപകർ | പി.ടി.എ. |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ അധിഷ്ഠിത ശാസ്ത്ര സാങ്കേതിക | ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലെത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെടുത്തി കൂടുതൽ അറിവുകൾ മറ്റിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| ശാസ്ത്രലാബ് നവീകരണം- ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | യു.പി. വിഭാഗം ശാസ്ത്ര, സാമൂഹ്യശാസ്ത്രം, ഗണിതം പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | 2 മാസം | അധ്യാപകർ | |
| ശാസ്ത്ര ക്രിയാശേഷി വികസിപ്പിക്കുക. | ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകളുടെ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ. | സയൻസ് ക്ലബ്ബ് |

# മേഖല: യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വയം വിലയിരുത്തൽ |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യതകളുപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തൽ. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. ഭരണഘടനാ വ്യക്തിയും വഴികാട്ടിയുമാണെന്നും നമ്മുടെ രാജ്യത്തിൽ നടപ്പിലാക്കുന്ന എല്ലാ നിയമങ്ങളും ഭരണഘടനയ്ക്ക് അനുസരിച്ചുള്ളതാണെന്നുമുള്ള ധാരണയിൽ കുട്ടികളെ എത്തിക്കുന്നു. | നവംബർ 26 ന് ഭരണഘടനാ ദിനം - പ്രത്യേക അസംബ്ലി സംഘടിപ്പിക്കൽ - ക്വിസ് മത്സരം നടത്തൽ. ഭരണഘടനയുടെ ആമുഖം എഴുതി ക്ലാസ് മുറികളിലും ഒട്ടിക്കൽ. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| 3. കൃഷി നമ്മുടെ സംസ്കാരത്തിന്റെ നട്ടെല്ലാണ് എന്ന ധാരണ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക. | കൃഷിയുടെ പ്രാധാന്യത്തെപ്പറ്റി കൃഷിഭവന്റെ സഹായത്താൽ ക്ലാസ് സംഘടിപ്പിക്കൽ. പച്ചക്കറി തൈകളൊരുക്കൽ. സ്കൂൾ കോമ്പൗണ്ടിൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ നെൽകൃഷി ഒരുക്കൽ | അക്കാദമിക വർഷം | PTA, SMC അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. പ്രകൃതി ദുരന്തം - ഒരു ഗ്രാമത്തെ തന്നെ ഭൂമിയിൽ നിന്ന് തുടച്ചു നീക്കുന്നതാണ്. പ്രകൃതിക്ക് ഇണങ്ങി ചേർന്ന് ജീവിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളിൽ എത്തിക്കുക. | ICT യുടെ സഹായത്താൽ ചൂരൽമല ദുരന്തത്തിന്റെ ദൃശ്യ കാഴ്ചകൾ കാണിക്കും. പ്രകൃതി നേരിടുന്ന പ്രശ്നങ്ങൾ - പരിഹാരം - എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിക്കൽ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| 5. | | | | |

# ഗണിത ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | <u>ഗണിത ശില്പശാല</u> കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്.... ) ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | <u>ഒറിഗാമി ശില്പശാല</u> ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ക്രിയേറ്റീവ് കോർണർ-ൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ | |
| 4) ഗണിതം മധുരമാക്കൽ | <u>ഗണിത പാർക്ക്</u> ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ് | ഗണിത ക്ലബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവിണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താത്പര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ | പി.ടി.എ |
| 6) ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് [illegible]ത്തിൽ എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം. | ദിനാചരണങ്ങൾ SRGയിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26
# സംസ്കൃതം
# 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം UP തലത്തിലെ എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷാ ജ്ഞാനം<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ആഗസ്റ്റ്. | അക്ഷര ചാർട്ട്<br>പാഠ പുസ്തകം<br>ICT | അധ്യാപിക.<br>PTA. |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങൾ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ICT | അധ്യാപിക |

| | | | | |
|---|---|---|---|---|
| 2. വീട് ഒരു പരീക്ഷണശാല<br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്തംബർ ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| 3 വായനലോകം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പിരീഡിലും ആദ്യത്തെ 5 മിനിട്ടിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | ഭോസം | ക്ലാസ് ലൈബ്രറി | അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4 കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠനനേട്ടങ്ങൾ | • ക്ലബ്ബ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം<br>• ഗൃഹസന്ദർശനം<br>• പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക. |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | • എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ്‌റൂം | റിസോഴ്സ് അധ്യാപിക. |
| 6. ആസ്വാദന ലോകം ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | • നാടകം, സിനിമ, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ<br>• മാസത്തിൽ ഒരു തവണ. | 5 മാസം | സംസ്കൃത ക്ലാസ്സ്‌റൂം | റിസോഴ്സ് അധ്യാപിക. |

# മെച്ചപ്പെടുത്തേണ്ട ഭൗതിക സാഹചര്യങ്ങൾ:-

1. ചുറ്റുമതിൽ പുനർനിർമ്മാണം:-

കാലപ്പഴക്കം ചെന്ന ചുറ്റുമതിൽ പുനർ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

2. അടുക്കള നവീകരണം:-

ആവശ്യത്തിന് വലുപ്പമുള്ള അടുക്കളയുടെ അഭാവം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

3. കമ്പ്യൂട്ടറുകളുടെ കുറവ് :-

ഇപ്പോൾ വിദ്യാലയത്തിൽ 9 ലാപ്ടോപ്പുകൾ മാത്രമേ ഉള്ളൂ. കുറഞ്ഞത് 15 ലാപ്ടോപ്പുകൾ കൂടി അടിയന്തിരമായി ലഭിച്ചാൽ മാത്രമേ കുട്ടികൾക്ക് IT ബോധനം കാര്യക്ഷമമായി നടത്താൻ സാധിക്കൂ.

4. സ്കൂൾ ഗ്രൗണ്ട് പുനർനിർമ്മാണം.

5. അസംബ്ലി ഓഡിറ്റോറിയം അത്യാവശ്യമാണ്.